**DESABHIMANI - 03-09-2024**

## മത്സ്യസംസ്കരണ രംഗത്തെ നൂതനാശയങ്ങൾ ചർച്ച ചെയ്യും

# സിഫ്റ്റിൽ ദേശീയ സെമിനാർ തുടങ്ങി




'അക്വാ ഫുഡ് എക്സലൻസ്: മത്സ്യസംസ്കരണ രംഗത്തെ നൂതനാശയങ്ങൾ' വിഷയത്തിൽ നടത്തുന്ന ദേശീയ സെമിനാർ മന്ത്രി പി രാജീവ് ഉദ്ഘാടനം ചെയ്യുന്നു

**കൊച്ചി**

കേന്ദ്ര മത്സ്യ സാങ്കേതിക ഗവേഷണ സ്ഥാപനം ഐസിഎആർ സിഫ്റ്റും സൊസൈറ്റി ഓഫ് ഫിഷറീസ് ടെക്നോളജിസ്റ്റ് ഇന്ത്യയും (സോഫ്ടി) സഹകരിച്ച് 'അക്വാ ഫുഡ് എക്സലൻസ്: മത്സ്യസംസ്കരണരംഗത്തെ നൂതനാശയങ്ങൾ' വിഷയത്തിൽ നടത്തുന്ന ദേശീയ സെമിനാർ സിഫ്റ്റിൽ തുടങ്ങി. ബുധനാഴ്ചവരെ നടക്കുന്ന സെമിനാർ വ്യവസായമന്ത്രി പി രാജീവ് ഉദ്ഘാടനം ചെയ്തു. ഐസിഎആർ സിഫ്റ്റ് ഡയറക്ടർ ഡോ. ജോർജ് നൈനാൻ അധ്യക്ഷനായി. സീഫുഡ് എക്സ്പോർട്ടേഴ്സ് അസോസിയേഷൻ ഓഫ് ഇന്ത്യ ദേശീയ പ്രസിഡന്റ് ജി പവൻകുമാർ വിശിഷ്ടാതിഥിയായി. കുഫോസ് സ്ഥാപക വൈസ് ചാൻസലർ ബി മധുസൂദനക്കുറുപ്പിന് 2021ലെ സോഫ്ടി അവാർഡ് മന്ത്രി പി രാജീവ് സമ്മാനിച്ചു. ഡോ. ജെ ബിന്ദു, ഡോ. നികിത ഗോപാൽ എന്നിവർ സംസാരിച്ചു.

മത്സ്യസംസ്കരണവ്യവസായത്തിൽ ജലജന്യ ഉൽപ്പന്നങ്ങളുടെ മൂല്യവും സുസ്ഥിരതയും വർധിപ്പിക്കുന്നതിനുള്ള നൂതനാശയങ്ങളെക്കുറിച്ചാണ് സെമിനാർ ചർച്ച ചെയ്യുന്നത്. വിവിധ മേഖലകളിൽനിന്നുള്ള നൂറോളം പ്രതിനിധികൾ പങ്കെടുക്കുന്നുണ്ട്.